ഉത്തരം

(എ) റോഡ് വെട്ടുന്നതിലേക്കായി വനഭൂമി ആർക്കും വിട്ടുകൊടുത്തിട്ടില്ല.

(ബി) കോട്ടൂർ നിന്നും മൂന്നാറുമുക്ക് വരെയുള്ള ഏകദേശം 2 കി. മീ. ദൂരം റോഡ് 1982-83-ൽ ഫോറസ്റ്റ് ഇൻജിനീയറിംഗ് വിഭാഗം നിർമ്മിച്ചു. ഇതിനുവേണ്ടി 3,99,230 രൂപ ചെലവായി. ഗിരിജനങ്ങളുടെ സൗകര്യാർത്ഥവും ഭരണപരമായ ആവശ്യം നിലനിറുത്തുന്നതിനു വേണ്ടിയുമാണ് ടി റോഡ് നിർമ്മിച്ചത്.

(സി) ഫോറസ്റ്റ് ഇൻജിനീയറിംഗ് വിഭാഗമാണ്.

പുരവിമല ഗവൺമെൻറ് ട്രൈബൽ സ്കൂളിന്റെ നിർമ്മാണം

1354. [2027] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) അംപൂരി പഞ്ചായത്തിലെ പുരവിമല ഗവൺമെൻറ് ട്രൈബൽ സ്കൂളിന്റെ നിർമ്മാണം പാറ പൊട്ടിക്കുന്നതിനുള്ള അനുവാദം ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് നിരസിച്ചിരിക്കുന്നതിനാൽ തടസപ്പെട്ടിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്കൂൾ കെട്ടിടത്തിനാവശ്യമായ പാറ പൊട്ടിക്കുന്നതിന് എത്രയും വേഗം അനുമതി കൊടുക്കുമോ ?

ഉത്തരം

(എ, ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനഭൂമിയിൽ നിന്ന് പാറ പൊട്ടിക്കുന്നതിന് കേന്ദ്രവനസംരക്ഷണ നിയമമനുസരിച്ച് കേന്ദ്രഗവൺമെൻറിന്റെ അനുവാദം ആവശ്യമാണ്. ഇതിനുള്ള നടപടികൾ എടുത്തുവരികയാണ്.

II അടിയന്തിരപ്രമേയം

ശൂരനാട് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട് പാറക്കടവ്, പുലിക്കുളം എന്നീ പ്രദേശങ്ങളിലെ സംഘട്ടനം

മി. ഡെപ്യൂട്ടി സ്പീക്കർ : ശൂരനാട് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട പാറക്കടവ്, പുലിക്കുളം എന്നീ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ച് സി. പി. ഐ., സി. പി. എം. പ്രവർത്തകർക്കെതിരെ ആർ. എസ്. എസ്. കാർ നടത്തിയ ഭീകരമായ ആക്രമണത്തിൽ ഇരുപതോളം പേർക്ക് പരിക്കേല്ക്കുകയും നിരവധി വീടുകളും കടകളും തകർക്കപ്പെടുകയും ചെയ്തതിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സർവ്വശ്രീ ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, കെ. ചന്ദ്രശേഖരൻ, സി. കെ. തങ്കപ്പൻ, കെ. ആർ. ചന്ദ്രമോഹനൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കൊല്ലം ജില്ലയിൽ ശൂരനാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പുലിക്കുളം എന്ന സ്ഥലത്ത് ആർ. എസ്. എസ്. പ്രവർത്തകരും സി. പി. ഐ., സി. പി. എം. പ്രവർത്തകരും തമ്മിൽ കുറെ നാളുകളായി ശത്രുതയിൽ കഴിഞ്ഞുവരികയായിരുന്നു. 1-7-1986-ൽ സ്ഥലത്തെ ഏതാനും ആർ. എസ്. എസ്. പ്രവർത്തകർ അവിടെയുള്ള സി. പി. എം. പ്രവർത്തകരുടെ വീടുകളിൽ കേടുവരുത്തുകയും അതു സംബന്ധിച്ച് ഐ. പി. സി. 436-ാം വകുപ്പ് പ്രകാരം ഒരു കേസ് ക്രൈം 126/86 പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തു. അതിനു പകരംവീട്ടാനായി 6-8-1986-ൽ സ്ഥലത്തെ ഏതാനും സി. പി. എം. പ്രവർത്തകർ ഒരു ആർ. എസ്. എസ്. കാരന്റെ വീട് തീ വച്ച് നശിപ്പിച്ചു. ഇതിലേക്ക് ഐ. പി. സി. 436-ാം വകുപ്പ് പ്രകാരം മറ്റൊരു കേസ് ക്രൈം 150/86 പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. ഈ സംഭവങ്ങളുടെ വെളിച്ചത്തിൽ, കൂടുതൽ വൈരാഗ്യത്തിൽ കഴിഞ്ഞുവന്ന സ്ഥലത്തെ മുപ്പതിൽപ്പരം ആർ. എസ്. എസ്. പ്രവർത്തകർ 11-ാം തീയതി രാത്രി ഉദ്ദേശം പതിനൊന്നു മണിയോടുകൂടി സി. പി. ഐ., സി. പി. എം. പ്രവർത്തകരുടെ വീടിനുനേരെ കല്ലേറു നടത്തി കേടുവരുത്തുകയും വീട്ടിലുണ്ടായിരുന്നവരെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിൽ പതിനാലു പേർക്ക് പരിക്കു പറ്റിയിട്ടുണ്ട്. അതിൽ മൂന്നുപേരെ കൊല്ലം ജില്ലാ ആശുപത്രിയിലും ഒരാളെ കരുനാഗപ്പള്ളി ഗവൺമെന്റ് ആശുപത്രിയിലും മറ്റൊരാളെ ശൂരനാട് ഗവൺമെന്റ് ആശുപത്രിയിലും ചികിൽസക്കായി പ്രവേശിപ്പിച്ചിട്ടുണ്ട്. ഇവരുടെ പരിക്കുകൾ ഒന്നും തന്നെ ഗുരുതരമല്ല. ഇതിലേക്ക് 12-11-1986-ൽ സി. പി. എം. കാർ വാദിയായി ഒരു കേസ് ക്രൈം (എസ്) 201/86, 203/86, 204/86- ഉം സി. പി. ഐ. ക്കാർ വാദിയായി ഒരു കേസ് ക്രൈം നമ്പർ 202/86 പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ അന്വേഷണം നടന്നു വരികയാണ്. നാലു കേസുകളിലെയും പ്രതികൾ ആർ. എസ്. എസ്. കാരാണ്. സംഭവസ്ഥലത്ത് ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ സ്ഥിതിഗതികൾ ഇപ്പോൾ ശാന്തമാണ്. ഈ രണ്ടു കേസുകളിലെയും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ അവിടെ പ്രത്യേക സംഘർഷാവസ്ഥയില്ല. അതുകൊണ്ട് ഒരു അടിയന്തിര പ്രമേയത്തിന്റെ വെളിച്ചത്തിൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ഇ. കെ. നായനാർ : സർ, ഇവിടെ അഞ്ചു മാസം മുമ്പാണ് ആർ. എസ് എസ്. കാർ ഒരു ഹരിജൻ കുടുംബത്തെ കടന്നാക്രമിച്ചത്. ആ സംഘട്ടനത്തിൽ പരിക്ക് പറ്റി ആശുപത്രിയിൽ കിടക്കുന്ന പ്രവർത്തകരെ പോലീസ് ആശുപത്രിയിൽ നിന്ന് പിടിച്ചുകൊണ്ടുപോയി മർദ്ദിച്ചു. ഇപ്പോഴാണെങ്കിൽ പാറക്കടവ്, പുലിക്കുളം എന്നീ സ്ഥലങ്ങളിൽ രണ്ടു ബാച്ചായി അൻപതോളം ആർ. എസ്. എസ്. കാർ കടന്നാക്രമിച്ചു. ഹരിജൻ തൊഴിലാളികൾ താമസിക്കുന്ന പ്രദേശമാണ് അത്. പതിനൊന്നു വീടുകളിൽ വീട്ടുകാർ ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോഴും ഒൻപതു കടകളിലുമാണ് ആക്രമണം നടത്തിയത്. വീടുകളിലെയും കടകളിലെയും സാധനങ്ങളെല്ലാം ആർ. എസ്. എസ്. കാർ കൊള്ളയടിച്ചു. അഞ്ചു മാസത്തിനു മുമ്പ് ഒരു ആക്രമണവും രണ്ടു മാസത്തിനു മുമ്പ് വേറൊരു ആക്രമണവും ആർ. എസ്. എസ്. കാർ നടത്തി. കാരണം പാവപ്പെട്ട ഹരിജനങ്ങളും നാട്ടുകാരും താമസിക്കുന്നതുകൊണ്ട് അവരെ എന്തും ചെയ്യാമെന്ന നിലയ്ക്കാണ് അത് ചെയ്തത്. എന്നാൽ പോലീസുകാർ അത് കൈകാര്യം ചെയ്തത് എങ്ങനെയാണ് ? ആക്രമികളെ സഹായിക്കാനുള്ള ഒരു നിലപാടാണ് പോലീസുകാർ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊണ്ടത്. ഗുരുതരമായി പരിക്കേറ്റ സി. പി. എം. പ്രവർത്തകർ— തങ്കപ്പൻ, അയാളുടെ ഭാര്യ തങ്കമ്മ ഇവർ അടങ്ങുന്ന പതിനാറു പേർ— ആശുപത്രിലുണ്ട്. സി. പി. ഐ. പ്രവർത്തകനായ സദാനന്ദൻ പരിക്കേറ്റ് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലാണ് കിടക്കുന്നത്. സി. പി. എം., സി. പി. ഐ. പ്രവർത്തകരുടെ ചായക്കടയിലും വീടുകളിലുമുള്ള സാധനങ്ങളും ആർ. എസ്. എസ്. കാർ കൊള്ളയടിച്ചു കൊണ്ടു പോകുമ്പോൾ പോലീസുകാർ നിഷ്ക്രിയരായി നില്ക്കുകയാണ് ചെയ്തത്. മാത്രമല്ല അഞ്ചു മാസം മുമ്പും രണ്ടു മാസം മുമ്പും അവിടെ നടന്ന സംഭവങ്ങളിലൊന്നും പോലീസുകാർ ആർ. എസ്. എസ്. കാർക്ക് എതിരായിട്ട് യാതൊരു നടപടിയും എടുത്തിട്ടില്ല. അവർ പരോക്ഷമായും പ്രത്യക്ഷമായും പിൻതുണയ്ക്കുകയാണ് ചെയ്തത്. അതുകൊണ്ടാണ് ഈ ആക്രമണം ഇത്രയധികം മൂർച്ഛിച്ചത്. തീർച്ചയായും ഈ നിലപാട് ആർ. എസ്. എസ്. കാർക്ക് വന്നത് പോലീസിന്റെ നിർവീര്യത കൊണ്ടും പരോക്ഷമായി പിൻതുണ നൽകിയതു കൊണ്ടുമാണ്. ആരെയും ഇതിനു മുമ്പ് അറസ്റ്റു ചെയ്തിട്ടില്ല. ഹരിജനങ്ങളുടെ വീട് കൊള്ളയടിച്ചു, തീവച്ച് നശിപ്പിച്ചു. ആർ. എസ്. എസ്. കാരിൽ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അഞ്ചു മാസം മുമ്പും രണ്ടു മാസം മുമ്പും ആർ. എസ്. എസ്. കാർ രണ്ട് ആക്രമണം നടത്തി. ഒരാളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. ആർ. എസ്. എസ്. കാർക്ക് പിൻതുണ നൽകുന്ന നിലപാട് ആണ് ഉള്ളത്. പ്രതിപക്ഷ പാർട്ടിയിലുള്ള പ്രവർത്തകൻമാർ പ്രത്യേകിച്ച് സി. പി. ഐ., സി. പി. എം. പ്രവർത്തകർ ഉള്ള ഒരു പ്രദേശമാണ് അത്. ഹരിജനങ്ങളാണ് നല്ലൊരു വിഭാഗം. ഈ ആക്രമണങ്ങളും മുഴുവൻ പാവപ്പെട്ട ഹരിജനങ്ങൾക്കെതിരായിട്ടായിരുന്നു. ഇത്തരത്തിലുള്ള ഒരു നിലപാട് തീർച്ചയായിട്ടും പോലീസിന്റെ വെർഷൻ ആണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. യഥാർത്ഥമായ വെർഷനല്ല. അതുകൊണ്ട് ആർ. എസ്. എസ്. പ്രവർത്തകരായ അക്രമികൾക്കെതിരായിട്ട് ഇതുവരെയും യാതൊരു നടപടിയും എടുക്കാത്ത പോലീസിന്റെ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇപ്പോഴും ആർ. എസ്. എസ്. കാരെ സഹായിക്കുന്ന ഈ നിലപാട് അവസാനിപ്പിക്കാൻ വേണ്ടി ആവശ്യമായ നടപടിയെടുക്കണം. അതിനെ സംബന്ധിച്ച് ചർച്ചചെയ്യാൻ വേണ്ടി ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ഗവൺമെന്റ് ആർ. എസ്. എസ്. കാരെ ഒരു നിലയിലും പ്രോത്സാഹിപ്പിക്കുകയില്ല. മാത്രമല്ല അവരുടെ ചെയ്തികളിൽ നിന്ന് പിൻതിരിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതുമാണ്. ആർ. എസ്. എസ്. മാത്രമല്ല അക്രമാസക്തമായി പ്രവർത്തിക്കുന്ന ഏതു പ്രസ്ഥാനമായാലും അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നു പറഞ്ഞു. രണ്ടു കേസുകളിലുമായി പതിനേഴ് പ്രതികളെ അറസ്റ്റ് ചെയ്ത് മജിസ്ട്രേട്ടിന് മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. ഈ പ്രതികളെല്ലാം റിമാൻഡിലാണ്. ഇന്ന് അടിയന്തിര പ്രമേയത്തിന് ഞാൻ വിവരം ശേഖരിക്കുമ്പോൾ എനിക്കു കിട്ടിയ മറുപടിയിൽ നിന്ന് അവരെല്ലാം റിമാൻഡിലാണെന്നാണ് മനസിലായത്. ഏതായാലും അവരെയെല്ലാം മജിസ്ട്രേട്ടിന് മുമ്പിൽ ഹാജരാക്കി റിമാൻഡിൽ വച്ചിട്ടുണ്ട്. അതാണ് സത്യം. ആർ. എസ്. എസ്. ന്റെയും മാർക്സിസ്റ്റ് പാർട്ടിയുടെയും സി. പി. ഐ. യുടെയും ഇതിനു മുമ്പുണ്ടായിട്ടുള്ള സംഭവങ്ങളൊക്കെ നമുക്കറിയാം. ഈ രണ്ടു വിഭാഗ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരും തമ്മിലുള്ള സംഘട്ടനങ്ങളും വളരെയധികം വർദ്ധിച്ചു വരികയായിരുന്നു. ഒരു കാരണവശാലും ഇങ്ങനെയുള്ള സംഘട്ടനങ്ങളും അനുവദിക്കുന്നതല്ല. അതിനാവശ്യമായ നടപടികളും സ്വീകരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

III ശ്രദ്ധ ക്ഷണിക്കൽ

(1) റിബേറ്റ് ഗ്രാന്റ് നൽകാത്തതുമൂലം നെയ്യാറിൻകര താലൂക്കിലെ സഹകരണ സംഘങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, നെയ്യാറിൻകര താലൂക്കിലെ പന്ത്രണ്ട് സർക്കിളുകളും തിരുവനന്തപുരം താലൂക്കിലെ വിഴിഞ്ഞം സർക്കിളും ഉൾപ്പെടെയുള്ള പതിമൂന്ന് കൈത്തറി സർക്കിളുകളിൽ ഉൾപ്പെട്ട 140 സഹകരണ സംഘങ്ങളെ ബഹുമാനപ്പെട്ട മന്ത്രി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി റിബേറ്റ് ഗ്രാന്റ് പൂർണ്ണമായി തടഞ്ഞിരിക്കുന്നു. അദ്ദേഹം നിയമസഭയിൽത്തന്നെ പറഞ്ഞത് 140 സഹകരണ സംഘങ്ങളും ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങളും എത്രയെണ്ണമുണ്ട്, സഹകരണ സംഘങ്ങളുടെ രജിസ്റ്റർ അനുസരിച്ചുള്ള കൈത്തറിയുടെ നമ്പർ ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് കഴിയുന്നില്ല എന്നാണ്. കാരണം ഒരു കേസ് നിലവിലുണ്ട്. അതുകൊണ്ട് പരിശോധിക്കാൻ കഴിയുന്നില്ലെന്നാണ് മന്ത്രി പറയുന്നത്. സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ആ അവകാശവാദം ഒരു ശതമാനം പോലും ശരിയല്ല. കാരണം നടപ്പ് സഹകരണ വർഷത്തിന്റെ ആദ്യത്തെ മാസം ഈ പ്രദേശത്തെ മുഴുവൻ കൈത്തറി സഹകരണ സംഘങ്ങളുടെയും തറിയുടെ നമ്പർ പരിശോധിക്കുകയും അതിന്റെ എണ്ണം എത്രയെന്ന് കണ്ടുപിടിക്കുകയും അതനുസരിച്ച് ഓരോ സഹകരണ സംഘത്തിനും നിങ്ങളുടെ തറി നമ്പർ ഇത്രയെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിക്കുന്നതിനുവേണ്ടി ആ സർട്ടിഫൈഡ് കോപ്പിയുടെ ഫോട്ടോസ്റ്റാറ്റ് അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. അതുകൊണ്ട് കൈത്തറി വെരിഫൈ ചെയ്യാൻ കഴിയുന്നില്ലെന്നു പറയുന്ന വാദഗതി ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുകയില്ല. വീണ്ടും വെരിഫിക്കേഷൻ വേണമെന്ന് പറയുന്നത് ഇക്കാര്യം നീട്ടിക്കൊണ്ട് കൈത്തറി സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുള്ള റിബേറ്റ് ഗ്രാന്റ് നിർത്തി വയ്ക്കാൻ വേണ്ടിമാത്രമാണ്.

സർ, വീണ്ടും നോട്ടിഫിക്കേഷൻ വേണമെന്നു പറയുന്നത് ഈ കാര്യം നീട്ടിക്കൊണ്ടുപോയി ഈ കൈത്തറി സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുള്ള റിബേറ്റ് ഗ്രാന്റ് നിരുത്തിവയ്ക്കാൻ വേണ്ടിമാത്രമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ രണ്ടാമത്തെ വാദഗതി യാൺ ഡിപ്പോയിൽ നിന്നും നൂൽവാങ്ങുന്നതിനു പകരം ബില്ല് മാത്രം വാങ്ങി, നൂൽ വാങ്ങിച്ചിട്ടില്ലെന്നാണ്. ബാലരാമപുരത്തുള്ള നാല് യാൺ ഡിപ്പോകളാണ് നൂൽ വാങ്ങുന്നതിനുള്ള അല്ലെങ്കിൽ നൂൽ സപ്ലൈ

LIBRARY ARCHIVES Kerala Legislative Assembly